**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 838** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമല ഫ്ലാറ്റ് സമുച്ചയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനായി വർഷങ്ങൾക്ക് മുമ്പ് നടപടി സ്വീകരിക്കുകയും പിന്നീട് പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയും ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പുതുക്കാട് ഗ്രാമപഞ്ചായത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ, കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന "പുതുക്കാട് സാഫല്യം പദ്ധതി" ഉപേക്ഷിച്ചിട്ടില്ല.

2025-26 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും 5.89 കോടി രൂപ വിനിയോഗിച്ച്, സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ചേളന്നൂർ (കോഴിക്കോട്), പുതുക്കാട് (തൃശ്ശൂർ), ലക്കിടി പേരൂർ (പാലക്കാട്) എന്നീ സ്ഥലങ്ങളിലെ ഭാഗികമായി നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുള്ള സാഫല്യം ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 2,98,11,445 രൂപ വിനിയോഗിച്ച് പുതുക്കാട് ഫ്ലാറ്റ് സമുച്ചയം പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ സ്വീകരിച്ചു വരുന്നു.

**(ബി)** പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ നടത്തിയതും പിന്നീട് കാടുകയറി ഉപയോഗശൂന്യമായി കിടക്കുന്നതും ഹൗസിംഗ് ബോർഡിന് യാതൊരുവിധ വാണിജ്യസാധ്യതയില്ലാത്തതുമായ പ്രസ്തുത സ്ഥലത്ത് മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ഭൂരഹിതരും, ഭവനരഹിതരുമായ കുടുംബങ്ങൾക്ക് പാർപ്പിട സമുച്ചയം ഒരുക്കുന്നതിന് ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**